DESPATCHED
On 12/02/2020
18.1.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic@kerala.nic.in

ഹർജി നമ്പർ **CP 886(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.11303/SIC-Gen5/2015**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. നാരായണൻ,
കണ്ണാട ഹൗസ്,
പി.ഒ. എടാട്ട്,
പയ്യന്നൂർ, കണ്ണൂർ – 670 327.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
എസ്.എൻ. എഡ്യൂക്കേഷണൽ & ചാരിറ്റബിൾ സൊസൈറ്റി,
പി.ഒ. എടാട്ട്, പയ്യന്നൂർ,
കണ്ണൂർ – 670 327.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 31.5.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 2.7.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 3.7.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.3.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ. നാരായണൻ, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ നൽകിയിട്ടില്ലെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, (i) എസ്.എൻ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റിയുടെ (രജിസ്ട്രേഷൻ നമ്പർ എസ്.434/03) കീഴിൽ പ്രവർത്തിച്ചു വരുന്ന എസ്.എൻ ഇംഗ്ലീഷ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനും മറ്റുമായി ആരിൽ നിന്നെല്ലാം കടം / സംഭാവന സ്വീകരിച്ചു എന്നും (ii) ആയതു പലിശയ്ക്ക് ആണോ എന്നും ആണെങ്കിൽ എത്ര ശതമാനം പലിശയ്ക്ക് ആണെന്നും (iii) പലിശ ഇനത്തിൽ ഏതെല്ലാം തീയതികളിൽ എത്ര സംഖ്യ നൽകി എന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി പ്രസ്താവിച്ചത്, എസ്.എൻ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ സൊസൈറ്റി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത ലാഭേഛ്ച കൂടാതെ പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റി ആണെന്നും ആയത് സർക്കാരിൽ നിന്നും യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും കൈപ്പറ്റാത്ത സ്ഥാപനം ആണെന്നും മറ്റുമാണ്. മേൽപ്പടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനം ആണെന്നത് സംബന്ധിച്ച് യാതൊരു തെളിവും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ എതിർകക്ഷി സ്ഥാപനം വിവരാവകാശ നിയമ പ്രകാരമുള്ള പൊതു അധികാരസ്ഥാപനമല്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM

bnk